(ജി) കമ്പനിയിൽ ചുമട്ടുതൊഴിലാളി നിയമം നടപ്പാക്കുന്നതാണ് ഉത്തമമെന്ന് കമ്പനിയെ സർക്കാർ അറിയിച്ചിരുന്നു. എന്നാൽ പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രപ്പോസൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന്റെ തിരുവനന്തപുരം കമ്മറ്റിയിൽ കമ്പനി ഇതുവരെ സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല.

കെൽട്രോണിനും സബ്സിഡിയറികൾക്കും ലഭിച്ച ഓർഡറുകൾ

25 [479] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
" പ്രയാർ ഗോപാലകൃഷ്ണൻ:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിന്റെ ഏതെങ്കിലും സബ്സിഡിയറികൾ പൂട്ടുകയോ പൂട്ടലിന്റെ വക്കത്തെത്തുകയോ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സബ്സിഡിയറികൾ; അവ ഈ ഘട്ടത്തിലെത്താനുള്ള കാരണം വിശദമാക്കാമോ;

(സി) ഇപ്പോൾ കെൽട്രോണിനും അതിന്റെ സബ്സിഡിയറികൾക്കും എന്തു തുകയ്ക്കുള്ള വർക്കോർഡറുകൾ നിലവിലുണ്ട്;

(ഡി) ആരെല്ലാമാണ് ഈ ഓർഡർ നൽകിയെന്നുള്ളതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ഇ) കെൽട്രോണിനും സബ്സിഡിയറികൾക്കും കൂടുതൽ ഓർഡറുകൾ ലഭിക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തുവരുന്നെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെൽട്രോൺ പവ്വർ ഡിവൈസസ് ലിമിറ്റഡ്; കെൽട്രോൺ റെക്ടീഫയേഴ്സ് ലിമിറ്റഡ് എന്നിവ പ്രവർത്തനരഹിതമാണ്. കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ് അടച്ചുപൂട്ടലിന്റെ വക്കത്താണ്. കാലഹരണപ്പെട്ട സാങ്കേതിക വിദ്യയുടെ ഫലമായും കമ്പനികളുടെ ഉൽപ്പന്നങ്ങൾക്ക് കമ്പോളത്തിലെ മറ്റു കമ്പനികളുടെ ഉൽപ്പന്നങ്ങളുമായി മൽസരിക്കാൻ സാധിക്കാതെ വന്നതിന്റെ ഫലമായും ഈ കമ്പനികൾ നഷ്ടത്തിൽ പ്രവർത്തിക്കാൻ തുടങ്ങി. ലാഭകരമായി പ്രവർത്തിക്കാൻ കഴിയുന്ന പദ്ധതികൾ ലഭിക്കാതിരുന്നതിനാലും സഞ്ചിത നഷ്ടം നിക്ഷേപ മൂലധനത്തേക്കാൾ വളരെയധികം വർദ്ധിച്ചതിനാലും, ബി. ഐ. എഫ്. ആർ. ഈ കമ്പനികളെ അടച്ചുപൂട്ടുവാനായി ഹൈക്കോടതിയിലേക്ക് റഫർ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly